## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2722 — 06.02.2018-ലെ മറുപടി

# കോന്നി മെഡിക്കൽ കോളേജിലേക്കുള്ള പൈപ്പ് ലൈൻ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അടൂർ പ്രകാശ്** | | **മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കോന്നി മെഡിക്കൽ കോളേജിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത മെഡിക്കൽ കോളേജിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;<br>(സി) ആയവ പരിഹരിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ), (ബി) & (സി) | കോന്നി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് കിണർ, റോ വാട്ടർ പമ്പിങ് മെയിൻ, ജലശുദ്ധീകരണ ശാല, ജലശുദ്ധീകരണശാലക്കു സമീപം 10 ലക്ഷം ലിറ്റർ കപ്പാസിറ്റി ഉള്ള ഉപരിതല ടാങ്ക് എന്നിവയുടെ പ്രവൃത്തികൾക്ക് കരാർ നൽകി. ഇൻടേക്ക് കിണറും റോ വാട്ടർ പമ്പിങ് മെയിനും ഒറ്റ പ്രവൃത്തിയായിട്ടാണ് കരാർ നൽകിയത്.<br>ഇൻടേക്ക് കിണർ പണിയാനുദ്ദേശിച്ച സഞ്ചായത്തുകടവിനു സമീപം ജലനിധി പദ്ധതിയുടെ കിണർ നിലവിലുള്ളതിനാൽ പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഇൻടേക്ക് കിണർ പണിയുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തേണ്ടി വന്നു. കിണർ പണിയുന്നതിന് കണ്ടെത്തിയ പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പുതിയ സ്ഥലത്ത് കിണർ പണിയുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. |
| (ഡി) മെഡിക്കൽ കോളേജിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതി 5/2019-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ